ॐ



യ: ഇദം ലീലയാ വിശ്വം സൃജത്യവതി ഹന്തി ച
ചേഷ്ടാം വിശ്വസൃജോ യസ്യ നവിദുർമ്മോഹിതാ ജയാ (10-57-15)
യ: സപ്തഹായന: ശൈലമുൽപ്പാട്യൈകേന പാണിനാ
ദധാര ലീലയാ ബാല ഉച്ഛിലീന്ധ്രമിവാർഭക: (10-57-16)
നമസ്തസ്മൈ ഭഗവതേ കൃഷ്ണായാദ്ഭുതകർമ്മണേ
അനന്തായാദിഭൂതായ കൂടസ്ഥായാത്മനേ നമ: (10-57-17)

*ശുകമുനി തുടർന്നു:*
സ്വന്തം പിതൃസഹോദരപുത്രൻമാരായ കൗരവൻമാരാൽ പാണ്ഡവൻമാർ ജീവനോടെ ദഹിപ്പിക്കപ്പെട്ടു എന്നറിഞ്ഞ കൃഷ്ണൻ ഹസ്തിനാപുരത്തേക്ക് പുറപ്പെട്ടു. കൃഷ്ണന്റെ അസാന്നിദ്ധ്യം മുതലെടുത്ത് അക്രൂരനും കൃതവർമ്മാവും ശതധന്വാവിനെ കൊണ്ട് സത്രാജിത്തിനെ കൊല്ലാനും സ്യമന്തകം തട്ടിയെടുക്കാനും പദ്ധതിയിട്ടു. സത്രാജിത്ത് ഉറങ്ങിക്കിടക്കുമ്പോൾ ശതധന്വാവ് അദ്ദേഹത്തെ വധിച്ച് രത്നവുമായി കടന്നുകളഞ്ഞു. അച്ഛന്റെ നിര്യാണത്തിൽ ദു:ഖാകുലയായ സത്യഭാമ ഉടനെ തന്നെ ഹസ്തിനാപുരത്തേക്ക് പോയി കൃഷ്ണനോട് പരാതി പറഞ്ഞു.

കൃഷ്ണൻ ദ്വാരകയിലേക്ക് മടങ്ങി. ദുഷ്ടരെ ശിക്ഷിക്കാനുറച്ചാണ് അദ്ദേഹം വന്നത്. പേടിച്ചരണ്ട ശതധന്വാവ് അക്രൂരനെയും കൃതവർമ്മാവിനെയും സമീപിച്ചു. അവരാണല്ലോ പ്രേരണ ചെലുത്തി അവനെക്കൊണ്ട് ക്രൂരകൃത്യം ചെയ്യിച്ചത്. കൃതവർമ്മൻ സഹായം ചെയ്യാൻ വയ്യെന്ന് പറഞ്ഞൊഴിഞ്ഞു. അക്രൂരൻ പറഞ്ഞു. "കൃഷ്ണനെയും ബലരാമനെയും ശത്രുവാക്കാൻ ആർക്കു കഴിയും? കൃഷ്ണന്റെ ലീലയാണ് ഈ വിശ്വത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ. അദ്ദേഹത്തിന്റെ ദിവ്യശക്തികളും ചെയ്തികളും സാധാരണക്കാരായവർക്ക് തിരിച്ചറിയാൻ കഴിയാത്തത് അവിടുത്തെത്തന്നെ മായാശക്തിയാലത്രെ. ഏഴു ദിവസം ഒറ്റക്കയ്യു കൊണ്ട് മലയുയർത്തിപ്പിടിച്ചവനെ എതിരിടാൻ നമുക്കാവുമോ? അതിശയമായ പ്രവൃത്തി വിശേഷങ്ങളുള്ള ഭഗവാൻ കൃഷ്ണനെ ഞാൻ നമിക്കുന്നു. അദ്ദേഹം എല്ലാവരുടെയും ഉള്ളിന്റെ ഉള്ളിലെ സത്തയത്രെ. ശതധന്വാവ് അക്രൂരന്റെ കയ്യിൽ രത്നമേൽപ്പിച്ച് അവിടെനിന്നും ഓടിപ്പോയി. കൃഷ്ണൻ അവനെ പിന്തുടർന്ന് അവന്റെ ഗളഛേദം ചെയ്തു. അവന്റെ ശരീരത്തിൽ പരിശോധന നടത്തിയിട്ട് സ്യമന്തകം കാണായ്കയാൽ കൃഷ്ണൻ വ്യസനിച്ചു. അവനെ വധിച്ചത് വൃഥാവിലായി. രത്നം അവന്റെ കൈവശമായിരുന്നില്ല. ശതധന്വാവ് തന്റെ സുഹൃത്തിന്റെ കയ്യിൽ രത്നം ഏൽപ്പി ച്ചിട്ടുണ്ടാവും എന്ന് ബലരാമൻ അഭിപ്രായപ്പെട്ടു. എന്നിട്ട് ബലരാമൻ മിഥിലയിൽ ജനകമഹാരാജാവിന്റെ അടുക്കൽ കുറച്ചു സമയം ചിലവഴിച്ചു. അവിടെ വച്ചാണ് ദുര്യോധനൻ ഗദായുദ്ധ സമ്പ്രദായങ്ങൾ ബലരാമനിൽ നിന്നും അഭ്യസിച്ചത്.

കാര്യങ്ങളെല്ലാമറിഞ്ഞ് അക്രൂരൻ രത്നവുമായി ദ്വാരകയിൽ നിന്നും യാത്രയായി. അക്രൂരന്റെ പിതാവ് ഇന്ദ്രപദവിയിലെത്തിയിരുന്നു. മഴയുടെ ദേവനാണല്ലോ ഇന്ദ്രൻ. അതുകൊണ്ട് തന്റെ പുത്രൻ അക്രൂരനുള്ളിടത്തെല്ലാം മഴ സമൃദ്ധമായിരുന്നു. അക്രൂരൻ ദ്വാരക വിട്ടപ്പോഴേക്കും അവിടെ ദു:ശകുനങ്ങൾ കണ്ടു തുടങ്ങി. ഭഗവാൻ വാണിരുന്ന ദ്വാരകയിൽ ദു:ശകുനങ്ങൾ എങ്ങിനെ കാണപ്പെടാനാണ്? ജനങ്ങളുടെ തോന്നലാവും അത്. എന്നാൽ കൃഷ്ണൻ ഇതറിഞ്ഞ് അക്രൂരനോട് തിരിച്ചുവരാനഭ്യർത്ഥിച്ചു. "ശതധന്വാവ് രത്നം അങ്ങയെ ഏൽപ്പിച്ചു എന്നത് ശരിതന്നെ. എന്നാൽ മരണപ്പെട്ട സത്രാജിത്തിന്റെ സ്വത്താണത്. അതുകൊണ്ട് അദ്ദേഹത്തിന്റെ മക്കൾക്കും കുട്ടികൾക്കും അവകാശപ്പെട്ടതുമാണ്. എന്നാൽ അങ്ങത് സത്യഭാമയ്ക്കു നൽകണം എന്ന് ഞാൻ പറയുന്നില്ല. അവിടുന്ന് സത്യസന്ധനും വിശ്വസിക്കാൻ കൊള്ളാവുന്നവനുമായതിനാൽ സ്യമന്തകം സ്വയം സൂക്ഷിച്ചു കൊൾക. എന്നാൽ എല്ലാവരുടെയും സംശയങ്ങൾ ദൂരീകരിക്കാൻ അതിനെ സഭയിൽ കാണിക്കുക." അക്രൂരൻ അങ്ങിനെ ചെയ്തു. അങ്ങിനെ സ്യമന്തകവുമായി ബന്ധപ്പെട്ട എല്ലാ കുറ്റങ്ങളിലും ജനം കൃഷ്ണനോട് ക്ഷമിച്ചു.

ഈ അത്ഭുതകരമായ കഥ വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്നവർക്ക് പാപവിമോചനവും അപവാദങ്ങളിൽ നിന്ന് വിടുതലും മന:ശാന്തിയും ലഭ്യമത്രെ.